



# ആശംസ

പാഠപുസ്തകത്തിൽ ചിട്ടപ്പെടുത്തിയിരിക്കുന്ന അറിവുകളുടെ വിനിമയത്തിനപ്പുറം അധ്യാപകന്റേയും വിദ്യാർഥിയുടേയും സമ്പൂർണമായ പങ്കാളിത്ത ത്തോടെയുള്ള ഒരുവിദ്യാഭ്യാസ പ്രക്രിയ രൂപപ്പെട്ടിരിക്കുന്നു.

അതിന്റെ ഭാഗമായി
സാഹിത്യലോകത്തേക്ക് പുത്തൻകാൽവെയ്പ്പുനടത്തുന്ന ഞങ്ങളുടെ സാഹിത്യപ്രതിഭകളായവിദ്യാർഥികൾക്ക് എല്ലാവിധഭാവുകങ്ങളും...
മണ്ണിനെ അറിയാൻ,തന്റെ ചുറ്റുപാടിനെ അറിയാൻ, ഓരോ മനുഷ്യരേയും നന്മയിലേക്കു നയിക്കാൻ സാങ്കേതിക വിദ്യാഭ്യാസത്തിലൂടെ സാധിക്കട്ടെ എന്ന് ആശംസിക്കുന്നു.

എം.എസ്.ജാസ്മിൻ
ഹെഡ് മിസ്ട്രസ്സ്



# ആശംസ

ഹൈടെക് നിലവാരത്തിലേക്കുയരുന്ന
നമ്മുടെ വിദ്യാലയം ഭൗതികമായ
വളർച്ചയ്ക്കൊപ്പംതന്നെ വിദ്യാഭ്യാസരംഗത്തും
കലാ-കായിക-സാഹിത്യരംഗങ്ങളിലും
മികവു പുലർത്തുന്നു. എല്ലാ ക്ലാസ്സ് റൂമുകളും
ഹൈടെക് ആയിക്കൊണ്ടിരിക്കുന്നു. വിദ്യാർഥികളുടെ
വിവിധകഴിവുകൾ ഉൾക്കൊള്ളിച്ചുകൊണ്ട്
ലിറ്റിൽ കൈറ്റ്സ് കൂട്ടായ്മ തയ്യാറാക്കായാരിക്കുന്ന
ഈ മാഗസീൻ പുതുതലമുറയ്ക്ക്
പ്രയോജനപ്രദമാകട്ടെയെന്ന് ആശംസിക്കുന്നു

എം എ ഗിരീഷ് കുമാർ
പി ടി എ പ്രസിഡന്റ്



# ആശംസ

സാങ്കേതിക വിദ്യയോടുള്ള പുതുതലമുറയുടെ ആഭിമുഖ്യം
സർഗാത്മകമായും ഗുണപരമായും
ഇവിടെപ്രയോജനപ്പെടുത്തിയിരിക്കുന്നു.

പാഠപുസ്തകത്തിലെ അറിവുകൾക്കപ്പുറം അനുഭവങ്ങളുടെ
തീവ്രത ഉൾക്കൊണ്ട്,വിദ്യാർഥികൾ ആർജിച്ച
കഴിവുകൾ അക്ഷരങ്ങളിലൂടെ, ഡിജിറ്റൽ സാങ്കേതിക
വിദ്യയിലൂടെ, പ്രകടമാക്കുന്നത് നമുക്കിവിടെ കാണാം.
ലിറ്റിൽ കൈറ്റ്സിന്റെ രണ്ടാമത്തെ ഈ ഡിജിറ്റൽ
മാഗസീൻ നന്മയുടെ പാതയിലേക്കു
നയിക്കട്ടേയെന്ന് ആശംസിക്കുന്നു

സി കെ ഉണ്ണികൃഷ്ണൻ
സ്കൂൾ മാനേജർ



സർഗാത്മകതയുടെ നിറവുകൾ
ഈ സൈബർകാലത്തും നിലനിൽക്കുന്നുവെന്ന്
തിരിച്ചറിയുകയാണിവിടെ...
കാലത്തിനൊപ്പം നമ്മുടെ കുട്ടികളും
മുന്നേറുന്നു
ആധുനിക സാങ്കേതിക വിദ്യയുടെ
ഫലങ്ങൾ മാത്രം ആസ്വദിക്കുക എന്ന തലത്തിൽ
നിന്നുയർന്ന് അവയുടെ ഉയരങ്ങളിലെത്താൻ നമ്മുടെ
വിദ്യാർഥികൾക്കു കഴിയട്ടെയെന്ന ആശംസയോടെ....

മാഗസിൻ എഡിറ്റർ



# അരങ്ങിലും അണിയറയിലും....

എഡിറ്റോറിയൽ ബോർഡ്

## ചീഫ് എഡിറ്റർ

ദേവനന്ദ

## സബ് എഡിറ്റർ

അഭിഷേക്

## സ്റ്റാഫ് അഡ്വൈസർമാർ

ശ്രീമതി എം എസ് ശ്രീലേഖ

ശ്രീമതി സി എം അഞ്ജലി

## പിന്നണിയിൽ

ഗോകുൽ സുരേഷ്

ആഷിക്

ജെസിയ

മീനാക്ഷി

*ആർച്ച ശിവദാസ്*

*മഹാദേവ്*

*അലന്റീൻ*

*ശിവാനി*

# ചിത്രലേഖകർ

റിതിൻ ടോം പി .പി.

അരുൺ വി.ബി.

അഭിഷേക്.ഫ്രാൻസിസ്



# താളുകളിലൂടെ.........

ചതിയുടെകണ്ണീർ

ഐശ്വര്യദീപ്തി

അടങ്ങാത്ത ഓന്റെ വിശപ്പ്

മലയാളികളുടെ സ്വന്തം ഗാനഗന്ധർവൻ

വെളിച്ചത്തിലേക്ക്

അവൾ

സ്കൂൾ ജീവിതം

സൗഹൃദം

മനുഷ്യന്റെ വേഗത അപായത്തിലേക്ക്

പ്രാണനെടുക്കുന്ന മഴ

बारिश

മാനത്തെ മുത്തശ്ശി

**പൂഞ്ചോല**

**हमारा स्कूल**

**അക്കാദമിക മികവുകൾ**

### *വിദ്യാരംഗം ജില്ലാതലം ഒന്നാംസ്ഥാനംനേടിയ കവിത*

# ചതിയുടെ കണ്ണീർ

ചതിയുടെ ക്രൂരമാം വിധിയിൽപെട്ട്
ഹൃദയം വല്ലാതെ നീറി പുകയുന്നു
ആരോ നേരിനെ മറച്ചുപിടിച്ചിട്ട്
ചിലന്തിവലകൾ നെയ്യുന്നു
അറിയില്ലായിന്നുമീ ചിലന്തിവലക
ഏതോയൊരു മൂലയിൽ നിന്നവളെ
മരണം മാടിവിളിക്കുന്നുവെന്ന്.......
പതുങ്ങികാത്തുനിൽപ്പൂ ചിലന്തീ
ആരെയോ കൊല്ലുവാനാർജവത്തോടെ
സത്യത്തിൻ മുഖംമറച്ചുപിടിച്ചവർ
ദുഷ്ടതയാൽ അന്ധരായ് തീർന്നവർ
ചതിയുടെഉലിക ചലിപ്പിക്കുന്നിപ്പോഴും....
വലവിരിച്ചു കാത്തുനിൽക്കുകയാണിന്നും
ആർക്കോവേണ്ടി,എന്തിനോവേണ്ടി
ഇനിയുമൊരു വലനെയ്യുവാനായി
പൊയ്മുഖത്തിൻ നൂലുനൂറ്റുന്നിതാ.....
എന്തിനോവേണ്ടി തിളയ്ക്കുന്നുവെൻ
ശരീരത്തിലൊഴുകും രക്തം,ഒരു പക്ഷേ
ഞാനും ക്രൂരതയുടെ ചിലന്തിവലകളിൽ
ജീവനൊടുങ്ങുന്ന മരണാസന്നരാകുന്ന
ആയിരങ്ങളിലൊരാളായിരിക്കാം
പെട്ടുപോകരുതിനിയൊരു കുഞ്ഞും.....
കാലമേ ഇനിയുംവേണമോയീവലകൾ
വിധിയുടെ വേഷപ്പകർച്ചകൾ.....
വെൺതാരകമായിന്ന് ജ്വലിക്കുക നിങ്ങൾ
വേണ്ട നിരാശയിനി പൊരുതുക
കവിളിലൂടെയൊഴുകിപ്പരക്കും
ഉപ്പുചുവയ്ക്കുന്നോർമകൾ നിറഞ്ഞ
ചതിയുടെ കണ്ണീരൊപ്പുക.....
കുരുക്കുകളഴിച്ച് ഉടരുക നിൻ ജീവിതം

*ഹൈമ വി അജയ് 6B*

# ഐശ്വര്യ ദീപ്തി



അച്ഛനെന്ന വാക്കെനിക്കു
നന്മയേകുവാൻ....
അമ്മയെന്ന വാക്കെനിക്കു
സ്നേഹമേകുവാൻ....
അറിവാണമ്മ കുടുംബവിളക്ക്
ഐശ്വര്യ ദീപ്തിയാണമ്മ

നന്മയെന്ന വാക്കു
ചൊരിയും എന്നച്ഛൻ....
സ്നേഹമായ് വിളങ്ങിടുന്ന
എന്നച്ഛൻ....
അറിവാൽ തിളങ്ങു-
മെന്നമ്മ....
നന്മയാൽ തിളങ്ങു-
മെന്നച്ഛൻ....

-ശിവാനി വി.എസ്
9A

# അടങ്ങാത്ത ഓന്റെ വിശപ്പ്

തെരുവിലെ പിച്ചക്കാരന്റേയും പിച്ചക്കാരികളുടേയും ഇടയിൽ കിടന്ന് വളർന്ന അവന് സ്വന്തം അച്ഛനും അമ്മയും ഏതാണ് എന്നറിയില്ല. സ്വന്തം അമ്മയല്ലെങ്കിലും പലരേയും അമ്മേയെന്നു വിളിക്കുന്നു.വിശപ്പ് അകറ്റാൻ മാത്രംജീവിക്കുന്നു.വളർന്നുവരുമ്പോൾ ചിലപ്പോൾ ഒരുമന്ത്രിയായേക്കാം.പക്ഷേ ജനനം എന്നും തെരുവിൽ തന്നെ.തനിക്ക്നല്ലൊരു ഉടുപ്പില്ല.നല്ല ഭംഗിയുള്ള വസ്ത്രങ്ങൾ ധരിച്ച് വഴിയിലൂടെ അമ്മയുടെ കൈപിടിച്ചുപോകുന്ന കുഞ്ഞുങ്ങളെ അവൻ എന്നും കാണാറുണ്ട്.

അവൻ ചിലപ്പോൾ ചിന്തിക്കാറുണ്ട് എനിക്ക് ഒരു അമ്മയുണ്ടായിരുന്നെങ്കിൽ
'താൻ തെണ്ടാൻ പോകുന്ന ചില വീടുകളിലെ അമ്മമാർക്ക് അവനെ വളരെ
ഇഷ്ടമാണ് .പക്ഷേ അരും തന്റെ പേരെന്താണേന്നോ അമ്മയുണ്ടോ അച്ഛനുണ്ടോ എന്ന്
ചോദിച്ചിട്ടില്ല. ഒരുദിവസം ഒരു വൃദ്ധയായ സ്ത്രീ അവനെ വാത്സല്യം കൊണ്ട്
തലോടി. സ്നേഹം കോണ്ട് തലകുനിഞ്ഞുപോയി .അവൻ അതിനിടേ ചിന്തിച്ചു
പോയി ഇത് എന്റെ അമ്മയാണോ? വിശപ്പ് അടങ്ങാത്ത ഓന്റെ ആ വയറിന്റെ
നിലവിളി ആ സത്രി അവന്റെ മുഖത്തുനിന്നു മനസ്സിലാക്കി .കഴിക്കാൻ അവന് എല്ലാവരും കൊടുക്കുന്നത് ചീത്തയായ ഭക്ഷണമാണ് .ആ സ്ത്രീയും അവനും ഒരുപാട് സംസാരിച്ചു. അതിനു ശേഷം അവൻ തന്റെ കീറിയ സഞ്ചിയെടുത്തു തോളിലിട്ട് ആ വീടിന്റെ പടിയിറങ്ങി.അവന്റെ കണ്ണുകളിലേക്ക് നോക്കികൊണ്ട് ചോദിച്ചു അതിരിക്കട്ടെ നിന്റെ പേരെന്താ. അവൻ പറഞ്ഞു ഇത്രയും നാൾ ലാലു എന്നായിരുന്നു.ഇനി ഇപ്പോള് മാറിയോ എന്നെനിക്ക് അറിയില്ല ഏന്ന്പറഞ്ഞു കൊണ്ട് അവൻ
അവിടെ നിന്നും പോയി.അപ്പോൾ ആ സ്ത്രീ മനസ്സിൽ വിചാരിച്ചു ."നിറക്കേണ്ടത് ദൈവത്തിന്റെ പേരിലുണ്ടാക്കിയ ഭണ്ഡാരങ്ങളല്ല,വിശപ്പിന്റെ വിളി കേട്ടറങ്ങുന്ന ഇവരുടെ വയറാണ്"

അശ്വതി പി സ്
7 B

# വെളിച്ചത്തിലേക്ക്

എന്റെ സ്കൂളിൽ കൗണ്സിലിംഗ് ക്ലാസ് എടുക്കുന്നതിനായി ശരത് എന്ന സർ വരികയുണ്ടായി. അദ്ദേഹം ഈ ക്ലാസ് ആരംഭിച്ചത, 'നാം കഴിയില്ല എന്ന വിചാരിക്കുന്ന കാര്യങ്ങൾ ലളിതമായ രീതിയിൽ ഒട്ടും പ്രയാസമല്ലാതെ ചെയ്യാൻ സാദിക്കും എന്ന കാണിച്ചേ തന്നുകൊണ്ടാണ് ഈ വര്ഷം സ് സ് ൽ സി എക്സാം എഴുതുന്നവർക്കായി നടത്തിയ കൗൺസിലിംഗ് ആയിരുന്നു അത്.

ഈ ക്ളാസിൽ പങ്കെടുത്താതെ മൂലം എനിക്ക് ഒത്തിരി ഏറെ മാറ്റങ്ങൾ ഉണ്ടായി.എനിക്ക് മാത്രമല്ല എന്റെ കൂടെ ആ ക്ളാസിൽ പങ്കെടുത്തവർലേലം.ഞങ്ങൾക്കൊരുത്തര്കും വേണ്ടി ഞങ്ങളുടെ മാതാപിതാക്കളും അദ്ധ്യാപകരും അനുഭവിക്കുന്ന ത്യാഗങ്ങളെലാം താനെ അതിൽ നിന്നും ഞങ്ങൾ മനസിലാക്കി.എന്റെ പാദനമേഖലയിൽ കൂടുതൽ ശ്രുദപുലർത്തന ത്തിനും എന്നോടൊപ്പം എന്റെ കാര്യങ്ങളിൽ ഇനി സഹായിക്കുന്നവരെ ആശ്വസിക്കുന്നതിനും സ്നേഹിക്കുന്നതിനും നിരവധി അവസരങ്ങൾ ലഭിച്ചു.

ഞാൻ ചെയ്ത പ്രവർത്തികൾ മൂലം വേദനിച്ച എല്ലാവരോടും മനസ് തുറനെ തെറ്റുകൾ ഏറ്റു പറയാനുള്ള അവസരമായിരുന്നു അത് .ഇന്നേ എന്റെ ഏറ്റവും വലിയ ആഗ്രഹം ഇന്നത്തെ എന്റെ മാതാപിതാക്കൾ ആഗ്രഹിക്കുന്നത്പോലെയുള്ള സ് സ് ൽ സി റിസൾട്ട് കൈവരിക്കുക എന്നതാണ് . ഈയൊരു ലക്ഷ്യത്തിലേക് ഇനി എത്തിച്ചതെ ഈ കൗൺസിലിന് ക്ലാസ് ആണേ .എന്റെ ജീവിത മാർഗത്തിൽ ഒത്തിരിയേറെ മാറ്റങ്ങൾ സ്റിറ്റിക്കുകയും എന്റെ കടമകളോടെ ഉത്തരവാദിത്യ ബുദം ഉണ്ടാകുന്നതും ഇതിലൂടെ എനിക്ക് സാധിച്ചു.

Rose marry
10 A

# മലയാളികളുടെ സ്വന്തം ഗാനഗന്ധർവൻ

മനുഷ്യൻ മതങ്ങളെ സൃഷ്ടിച്ചു
മതങ്ങൾ ദൈവങ്ങളെ സൃഷടിച്ചു
മനുഷ്യനും മതങ്ങളും ദൈവങ്ങളുംകൂടി
മണ്ണ് പങ്കുവച്ചു ....മനസ്സുപങ്കുവച്ചു.....

നാനാത്വത്തിൽ ഏകത്വം എന്ന് കരുതുന്ന എല്ലാ മതങ്ങളെയും ഒരു പോലെ വിശ്വസിക്കുന്ന പ്രസിദ്ധനായ പാട്ടുകാരനാണ് ഗാനഗന്ധർവൻ എന്നറിയപ്പെടുന്ന കെ.ജെ യേശുദാസ്.വയലാർ,കൈതപ്രം,ഗിരീഷ് പുത്തഞ്ചേരി തുടങ്ങിയ പ്രസിദ്ധ ഗാനരചയിതാക്കളുടെ വരികൾക്ക് തന്റെ മധുരസ്വരത്താൽ ജീവനും തേജസും നൽകി ആളുകളുടെ ആസ്വാദനത്തെ പരമകോടിയിലെത്തിച്ച സംഗീത ചൈതന്യമാണ് അദ്ദേഹം.1992 നവംബർ ഒന്നിന് ഗുരുവായൂരിൽ മതസൗഹാർദ്ദസമ്മേളനം സംഘടിപ്പിച്ചിരുന്നു.രാജ്യത്തു മതപരമായ കാലുഷ്യം നടക്കുന്ന സമയമായതിനാൽ യേശുദാസിന്റെ കൂടി താല്പര്യ പ്രകാരമായിരുന്നു



അത്. ക്രൈസ്തവമതത്തിൽ ജനിച്ച ഒരാളായിരുന്നിട്ട് കൂടിയും മറ്റ് മതങ്ങളോടുള്ള ആരാധന അദ്ദേഹത്തിന് ഒട്ടും കുറവായിരുന്നില്ല.ആ ശബ്ദം കേട്ടുകൊണ്ടാണ് ഇന്നും ശബരിമലയിലെ ശ്രീധർമ്മ

ശാസ്താവ് ഉറങ്ങുന്നത് എന്ന ഒരൊറ്റ വസ്തുത മതിയാകും അദ്ദേഹത്തിന്റെ സ്വരശുദ്ധിയും ഭാഗ്യവും എത്രത്തോളമെന്ന മനസിലാക്കാൻ.മലയാളിക്ക് സംഗീതത്തിന്റെ പര്യായമാണ് യേശുദാസ്.വാക്കുകളിൽ ഒതുക്കാനാവില്ല ആ സംഗീത സാഗരത്തിന്റെ വ്യക്തി പ്രഭാവം.പിറന്നു വീഴുന്നതു മുതൽ ആയുസ്സൊടുങ്ങുന്നതു വരെ മലയാളികളുടെ ചെവിയിൽ വീണ് മനസിൽ മുഴങ്ങുന്ന സ്വരമാണ് യേശുദാസ്. താപവും വിരഹവും വികാര വിചാരങ്ങളും ഭാവുകത്വവും മലയാളി പലപ്പോഴും ആ പാട്ടുകളിലൂടെ അനുഭവിച്ചു.

-സാനിയ എം.എം 9A



# വെളിച്ചത്തിലേക്ക്.....

എന്റെ സ്കൂളിൽ കൗൺസിലിംഗ് ക്ലാസ് എടുക്കുന്നതിനായി ശരത് എന്ന സർ വരികയുണ്ടായി. അദ്ദേഹം ഈ ക്ലാസ് ആരംഭിച്ചത് 'നാം കഴിയില്ല എന്ന വിചാരിക്കുന്ന കാര്യങ്ങൾ ലളിതമായ
രീതിയിൽ ഒട്ടും പ്രയാസമില്ലാതെ ചെയ്യാൻ സാധിക്കും എന്ന് കാണിച്ചുതന്നുകൊണ്ടാണ് . ഈ വർഷം എ സ് ഏസ്.എ ൽ. സി എക്സാം എഴുതുന്നവർക്കായി നടത്തിയ കൗൺസിലിംഗ് ആയിരുന്നു അത്.

ഈ ക്ളാസിൽ പങ്കെടുത്തത് മൂലം എനിക്ക് ഒത്തിരി ഏറെ മാറ്റങ്ങൾ ഉണ്ടായി.എനിക്ക് മാത്രമല്ല എന്റെ കൂടെ ആ ക്ളാസിൽ പങ്കെടുത്തവർക്കെല്ലാം. ഞങ്ങൾക്കോരോരുത്തർക്കുംവേണ്ടി ഞങ്ങളുടെ മാതാപിതാക്കളും അദ്ധ്യാപകരും അനുഭവിക്കുന്ന ത്യാഗങ്ങളെല്ലാംതന്നെ അതിൽ നിന്നും ഞങ്ങൾ മനസിലാക്കി.എന്റെ പഠനമേഖലയിൽ കൂടുതൽ ശ്രദ്ധപുലർത്തുന്ന തിനും എന്നോടൊപ്പം എന്റെ കാര്യങ്ങളിൽ സഹായിക്കുന്നവരെ ആശ്വസി പ്പിക്കുന്നതിനും സ്നേഹിക്കുന്നതിനും നിരവധി അവസരങ്ങൾ ലഭിച്ചു.

ഞാൻ ചെയ്ത പ്രവർത്തികൾ മൂലം വേദനിച്ച എല്ലാവരോടും മനസ് തുറന്ന്തെറ്റുകൾ ഏറ്റു പറയാനുള്ള അവസരമായിരുന്നു അത് .ഇന്ന്എന്റെ ഏറ്റവും വലിയ ആഗ്രഹം എന്റെ മാതാപിതാക്കൾ ആഗ്രഹിക്കുന്നത്പോലെയുള്ള റിസൾട്ട് കൈവരിക്കുക എന്നതാണ് . ഈയൊരു ലക്ഷ്യത്തിലേക്ക് എന്നെ എത്തിച്ചത്ഈ കൗൺസിലിന് ക്ലാസ് ആണ്..എന്റെ ജീവിത മാർഗത്തിൽ ഒത്തിരിയേറെ മാറ്റങ്ങൾ സൃഷ്ടി ക്കുകയും എന്റെ കടമകളോട് ഉത്തരവാദിത്വ ബോധം ഉണ്ടാകാനും ഇതിലൂടെ എനിക്ക് സാധിച്ചു.

Rose marry10 A

# അവൾ

കവിത പോലെ എൻ മനസ്സിൽ
തെളിഞ്ഞവൾ മഴവില്ലിനുമപ്പുറം
എൻ ഹൃദയത്തിൽ നിറഞ്ഞവൾ
പ്രണയത്തിനപ്പുറം ആരും-
കാണാതെ എൻ ഹൃദയത്തിൽ
വാതിൽ തുറന്നവൾ
ഒരു കുളിർ കാറ്റായ് എന്നെ
തഴുകിയവൾ മൗനത്തിൻ
താളുകളിൽ ഒരുപിടിഗാനമായ്

പ്രണയത്തിൻ നോവുകളിൽ
നിറഞ്ഞവൾ ചുണ്ടുകളിൽ
ആരും കാണാത്ത പുഞ്ചിരി മാത്രമായ്
നോവിൻെറ വേളയിൽ
ഒരുപിടിഗാനമായ് പാതിരാ
പക്ഷിപോൽ പാറിയവൾ.

ആഭാ ഉണ്ണി സത്താർ 9B



# സ്കൂൾ ജീവിതം

അറിവിന്റെ വാതിൽ ഏവർക്കുമായ്
തുറന്നുനല്കീടുമെൻ വിദ്യാലയം
ബാല്യത്തിൽ വാശിപിടിച്ചുകരഞ്ഞീടും
ആ വിദ്യാലയമുറ്റത്തെത്താതിരിക്കാൻ
ആ വാശിമെല്ലെക്ഷുഭിതയാക്കുമെന്നമ്മയെ
ഉപേക്ഷിക്കുവാനാവാതെ സങ്കടത്താൽ
മടങ്ങുകയെന്നാൽ ആഹ്ലാദവും പക്ഷെ
ഒരു തിരിച്ചുവരവ് ഞാൻ ആഗ്രഹിക്കും
മെല്ലെ മെല്ലെ കാലചക്രത്തിൽ പ്രയാണത്താൽ
ഞാനുമെത്തി കൗമാരജീവിതത്തിൽ
പ്രണയകാലഘട്ട ജീവിതത്തിൽ ഞാനുമെൻ
വിദ്യാലയത്തെ പ്രണിയിച്ചുതുടങ്ങി
ദുസ്വപ്നമായ് മാറിയിരുന്ന വിദ്യാലയമെൻ
സ്വപ്നമായിതീർന്നനാളുകളിൽ
സ്നേഹിച്ചു ഞാൻ എന്റെ വിദ്യാലയത്തെ,
അദ്ധ്യാപകരെ ,എൻ കൂട്ടുകാരെ ....
സ്നേഹിച്ചു ഞാനെന്റെ ഓർമ്മകളെ
പ്രണയിച്ചു ഞാൻ...........ഇനി
തിരികെ ലഭിക്കാത്തയെൻ സ്കൂൾജീവിതത്തെ.........

ആത്മിക കെ മനോജ് 10 B



# സൗഹൃദം

പുലരിയിൽ വന്നൊരു
മഞ്ഞുത്തുള്ളി
അത് എൻ പ്രിയ
കൂട്ടുകാരനായ് തോന്നും.
മയങ്ങും നേരത്തെൻ പ്രിയ
കൂട്ടരെ സ്വപ്നം കണ്ടുകഴിയും ഞാൻ
എന്റെ കൂട്ടരേ ദുർവിധിയിലേക്
നയിക്കരുതേ.ഇനിയും ചില പുതു
ഓർമകളായി എന്നും ഞാനെൻ കൂട്ടരേ
ഓർക്കും.

ആർച്ച ശിവദാസ് 9B



# *മനുഷ്യന്റെ വേഗത അപായത്തിലേക്ക്*

ഇന്ന് നമ്മുടെ പ്രകൃതിക്ക് ആഘാതങ്ങൾ ഏറെയാണ്. അത് നമ്മൾ മനുഷ്യർ കാരണമാണ് . പ്രകൃതി നമ്മളെ നോക്കി വളർത്തിയത് സ്വന്തം മക്കളായിട്ടാണ്. അത് പോലെ നാം പ്രകൃതിയെ സ്നേഹിക്കണം,പരിപാലിക്കണം. പ്രകൃതി നമ്മൾക്ക് തണൽ ,ശുദ്ധ വായു,മണ്ണ് ,ശുദ്ധ ജലം,ഭക്ഷണം.....ഇതൊക്കെ തരുന്നു.എന്നാൽ നമ്മൾ മനുഷ്യർ അതൊക്കെ അശുദ്ധിയാക്കുന്നു.

ഇന്ന് പ്രകൃതി അനുഭവിക്കുന്ന ഏറ്റവും മാരകമായ പ്രശ്നം 'വായുമലിനീകരണം' തന്നെയാണ് .മോട്ടോർവാഹനങ്ങളുടെ അധികമായ ഉപയോഗവുംപ്ലാസ്റ്റിക് കത്തിക്കുന്നതുമാണ് ഏറ്റവും വലിയ പ്രശ്നം. അമിതമായ വാഹനങ്ങളുടെ ഉപയോഗത്തിലൂടെ അതിൽ നിന്നും വരുന്ന co2 പോലെയുള്ള വാതകങ്ങൾ പുറന്തള്ളുന്നു.പ്ലാസ്റ്റിക് എന്ന വസ്തു നമുക്ക് ഏറെ ഉപയോഗ പ്രദമാണ് .മറിച്ച് അത് പ്രകൃതിക്ക് ദോഷമാണ്.പ്ലാസ്റ്റിക് മണ്ണിൽ ലയിക്കില്ല.പ്ലാസ്റ്റിക് ഉപേഷിക്കാൻ നമ്മൾ പ്ലാസ്റ്റിക് വലിച്ചെറിയുന്നു.അത് വഴി മണ്ണ്നശിക്കുന്നു.മണ്ണിലേക്ക് വെള്ളം ഇറങ്ങില്ല. പ്ലാസ്റ്റിക് ഒഴിവാക്കാൻ മനുഷ്യന്റെ എളുപ്പ വഴി പ്ലാസ്റ്റിക് കത്തിക്കലാണ്.കത്തിക്കുമ്പോൾ അതിലൂടെ ഉയരുന്ന വിഷ വാതകങ്ങൾ ഭൂമിയെ നശിപ്പിക്കുന്നു.ചൂട് ഇപ്പോൾ വർധിക്കുകയാണ്.ആഗോളതാപനം ഉയരുന്നു.വായുമലിനീകരണത്തിലൂടെ ഉയരുന്ന വിഷ വാതകമായ ക്ലോറോ ഫ്ലൂറോ കാർബോൺ എന്ന വാതകം ഓസോൺ പാളിയെ നശിപ്പിക്കുന്നു എന്ന് ഇടക്ക് നമ്മൾ കേട്ടിരുന്ന വാർത്ത ആയിരുന്നു .ഓസോൺ പാളികൾക്ക് വിള്ളൽ വീണാൽ അതിലൂടെ സൂര്യന്റെ അൾട്രാ വയലറ്റ് രശ്മികൾ ഭൂമിയിലേക്ക് നേരിട്ട് പതിക്കുന്നു.ഇത് എല്ലാവർക്കും ദോഷമാണ്. നമ്മുടെ തലസ്ഥാന നഗരമായ ഡൽഹിയുടെ അവസ്ഥ ദയനീയമാണ്.വായുമലിനീകരണം മൂലം ആർക്കും പുറത്തെ ഇറങ്ങാൻ പറ്റാത്ത അവസ്ഥയാണ്.മരങ്ങളിൽ നിന്ന് സൗജന്യമായി ലഭിക്കുന്ന ഓക്സിജൻ ഒരു മണിക്കൂറിൽ പണം ചിലവാക്കി പല ഫ്ലേവറോടെ ഡൽഹിയിലുള്ളവർ ശ്വസിക്കുന്നു.ഭൂമി മറ്റൊരു അവസ്ഥയിലേക്ക് മാറി കൊണ്ടിരിക്കുന്നു,വായുമലിനീകരണം ഇല്ലാതാകാൻ ഒറ്റ മാർഗമേ ഉള്ളൂ...

സോളാർ വാഹനങ്ങൾ ഉപയോഗിക്കുക,പ്ലാസ്റ്റിക് കത്തിക്കരുതേ,പ്ലാസ്റ്റിക് ഉപയോഗം കുറക്കുക,മരങ്ങൾ നട്ടു പിടിപ്പിക്കുക.ഭൂമിയുടെ ശ്വാസകോശം എന്നറിയപ്പെടുന്ന ആമസോൺ കാടുകൾ പകുതി ഭാഗവും കത്തി നശിച്ചു.ഇത് മനുഷ്യ നിർമിത കാട്ടുതീയാണ്.മനുഷ്യന്റെ സുഖത്തിനു വേണ്ടി പ്രകൃതിയെ നശിപ്പിക്കുന്നു. ആമസോൺ കാടുകളിലെ മരങ്ങളാണ് ഭൂമിയുടെ മുക്കാൽ ഭാഗം ഓക്സിജനും തരുന്നത്. ഇനി ഒരു ലോകയുദ്ധം വരുകയാണെങ്കിൽ അത് കുടിവെള്ളത്തിന് വേണ്ടി ആയിരിക്കും.മനുഷ്യന്റെ അത്യാർത്തി . അതാണ് പല അപായങ്ങളിലും എത്തിക്കുന്നത്.ഭൂമിയെ സംരക്ഷിക്കണം.
അടുത്ത തലമുറക്ക് ഇവിടെ കാല് ഉറപ്പിക്കണം... ജീവിക്കണം..

അരുണിമ 9B



# പ്രാണനെടുക്കുന്ന മഴ..........



മാനം കരഞ്ഞു കൊണ്ടെയിരിക്കുന്നു. കരഞ്ഞു കരഞ്ഞു മേഘങ്ങളുടെ കണ്ണുകൾ നോവില്ലെ എന്നായിരുന്നു അപ്പുവിൻെറ സംശയം.അവൻ ഉമ്മറത്തു നിന്ന് മഴയും കണ്ട് രസിക്കുകയായിരുന്നു.പെട്ടെന്ന് അമ്മ വന്നു "അപ്പൂ..... നീ അകത്തേക്ക് വന്നേ നല്ല മിന്നലുണ്ട്,കണ്ണടിച്ച് പോവും".അവൻ അകത്തേക്ക് പോയി.വലതു വശത്തായി ചാരുകസേരയിൽ പത്രം വായിച്ചു കൊണ്ടിരിക്കുകയായിരുന്നു അപ്പുവിൻെറ അച്ഛൻ.അച്ഛൻ പറഞ്ഞു ,ടീ.... നീ കേട്ടൊ മഴ കൂടുകയാണ്. .എല്ലാവർക്കും ദുരിതാശ്വാസക്യാമ്പിലേക്ക് പോകാം.ബൈജുവിൻെറ കുടുംബം മൊത്തം പോയി.പിന്നെ,രമേഷിൻെറയും.നമുക്കും പോകാം.അമ്മ പറഞ്ഞു

“മനുഷ്യാ........നിങ്ങളൊന്നടങ്ങ് ഒന്നും വരാൻ പോകുന്നില്ല , എല്ലാം നിങ്ങടെ തോന്നലാ... .അച്ഛൻ കണ്ണാടി ഊരി,ഓട്ടയുള്ള കറുത്ത കാലൻകുട നിവർത്തി നടക്കാൻ തുടങ്ങി.അപ്പു ഒരു മുറിയിലേക്ക് കയറി കതകടച്ച് ഒരു മൂലയിലിരുന്ന് കിതാബുകൾ തുറന്ന് വായ്ക്കാൻ തുടങ്ങി.

കുറച്ചുനേരം കഴിഞ്ഞു അച്ഛൻ വീട്ടിലേക്ക് വന്നു കയറി. ഭയാനകമായ എന്തോ അച്ഛനെ അലട്ടുന്നുണ്ട് . അപ്പുവിന് അത് അച്ഛന്റെ കണ്ണുകളിലൂടെ മനസ്സിലായി. അച്ഛൻ പേടിച്ചുകൊണ്ട് പറഞ്ഞു 'കടവുകൾ കവിഞ്ഞൊഴുകി ഇനി

എന്തുചെയ്യാനാ?' 'ഒന്ന് പോയെ മനുഷ്യാ കടവ് കവിഞ്ഞൊഴുകുന്നത് സ്വാഭാവികമാ '.... നിമിഷങ്ങൾ കടന്നുപോയ്കൊണ്ടിരിന്നു .

അപ്പു വീട്ടുമുറ്റത്തേക്ക് നോക്കിയപ്പോഴാണ് അത് കണ്ടത് അവൻ നേരെ വിളിച്ചു 'അമ്മേ ..........' നോക്കിയപ്പോൾ വെള്ളം വീട്ടുമുറ്റത്തെത്തി .അച്ഛനും അമ്മയും പറഞ്ഞു ' വേഗം സാധനങ്ങൾ എടുത്തോ ' അച്ഛൻ പറഞ്ഞതല്ലേ !' 'അമ്മ ഓരോ ജനാലയും കതകുകളും അടക്കാൻ തുടങ്ങി ഇരുട്ട് വീടിനുള്ളിൽ നിറഞ്ഞു.നോക്കിയപ്പോൾ വെള്ളം വീട്ടുമുറ്റത്തെത്തി .അച്ഛനും അമ്മയും പറഞ്ഞു ' വേഗം സാധനങ്ങൾ എടുത്തോ ' അവരിറങ്ങിയപ്പോഴേക്കും കുറച്ചുവൈകി വെള്ളം വീടിന്റെ പകുതിയായി മാറിരിക്കുകയാണ്. അമ്മയുടെ കണ്ണുകൾ ചുവന്നു കലങ്ങാൻ തുടങ്ങി. അപ്പുവിന്റെ മനസ്സിലേക്ക് ഒന്നും വന്നില്ല അവനവിടെ നിവർന്നു നിന്നു. ആ പ്രളയം അവരുടെ മൂന്നുപേരുടെയും അന്ത്യമായി മാറി.



# बारिश

बारिश  का मौसम आ गया
धरती पर  पानी  बरस आ गया
बच्चे खुशी से नाचता था
फिर भी सब परेशान था

बारिश के बाद बाढ आ गया
जनता दुरवस्था में पड गया
मनुष्यत्व का मूल्य समझ आ गया
फिर भी सब उदास हो गया

बारिश के बाद आ गये
बाढ में सभी जनता मुसीबत में हो गया
फि भी समझ में आ गया
बारिश का महत्वपूरण दिनों को

आत्मिका के मनोज
**10 B**



## മാനത്തെ മുത്തശ്ശി

മാനത്തുണ്ടൊരു മുത്തശ്ശി
മഴവില്ലെന്നൊരു മുത്തശ്ശി
ഒളിഞ്ഞിരിക്കും മുത്തശ്ശി
ഏഴഴകുള്ളൊരു മഴവില്ല് !
നിന്നെ കാണാൻ എന്തുരസം
നിനക്ക് നിറമോ ഏഴല്ലേ?
മഴവില്ലെന്നൊരു പേരുണ്ട്
നിറമായ് മധുവായ് നിറയുന്നു !



-ആർഷ രാജേഷ്
9A

## പൂഞ്ചോല

അങ്ങു കിഴക്കൻ മലയുടെയോരം
ചേർന്നു കുണുങ്ങി വരുന്നുണ്ടേ
വൻമല തന്നുടെ കുളിരായ് , ചിരിയായ്
കളകളമോതി വരുന്നുണ്ടേ
ഉയർന്നുനിൽക്കും വൻപാറകളിൽ
ഉരുളുരുളും ചെറുപാറകളിൽ
തട്ടിത്തെന്നിച്ചിതറും മുത്തുകൾ
വാരിത്തൂവും പൂഞ്ചോല
ഇലവീഴാപ്പൂഞ്ചിറയിൽനിന്നും
ഓഴുകിവരുന്നൊരു പൂഞ്ചോല.

ABHISHEK 9B

# हमारा स्कूल

स्कूल के ये मधुर स्मरण
फिर न वापस आएँगे
सोच लें ए दोस्तों
हम सब जुदा हो जाएँगे

भूल न सकेंगे तुम
ये स्कूल जी वन की कहानी
याद करके आहें भरोगे
आएँगी जब याद पुरानी

आज तुम हो, आज हम हो
मंदिर मस्जिद सद कुछ है स्कूल हमारा
कहिं हो तुम कहिं हो हम
ना होगा मिलन दुबारा यहाँ

हम न रहेंगे, तुम न रहोगे
यह स्कूल हमेशा अमर रहेगा
यही दुआ है कि,तुम हमेशा खुश रहो
हम दोस्तों को तुम हमेशा याद रखो

## वृन्दा दास 10 B



# അക്കാദമിക മികവുകൾ







HMYS
HIGHER SECONDARY SCHOOL




Y.S HIGHER SECONDARY BLOCK










HUAWEI nova 3
AI CAMERA


കേരള
സ്കൂൾ
നവംബർ 28 29 30
കാഞ്ഞങ്ങാട്








Air Pollution



# സ്നേഹം

വാനിലെ അമ്പിളി താരകളെ
പൂക്കളാൽ മൂടുമോ എൻ കുഞ്ഞിനെ
അമ്മയില്ലാത്തൊരു തങ്കകുടത്തിനെ
മാറോടു ചേർത്തുഞാൻ ഓമനിക്കാം

ഉള്ളിലെ കനവുകൾ മഞ്ഞിടുന്നു
ഉള്ളിലെ നിനവുകൾ പോയകന്നു
അമ്മയെപോലൊരു നന്മയാവാൻ
സ്നേഹമായി കൂട്ടിനുണ്ടച്ചൻ

അഭ ഉണ്ണി സത്താർ 9B




H.M.Y.S HIGHER SECONDARY BLOCK


H.M.Y.S HIGHER SECONDARY BLOCK

പഠനത്തിരക്കുകൾക്കിടയിൽ
സ്ക്രൂൾ ഇടവേളകളിലെ
ശബ്ദഘോഷങ്ങൾക്കിടയിൽ
വിരിഞ്ഞ പൂക്കൾ......
പലനാളുകൾ കൂടി വിരിയിച്ചെടുത്ത
പൂമൊട്ടുകൾ.....
സഹൃദയർക്ക് മുന്നിൽ
സമർപ്പിക്കുന്നു........

